കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/988/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 29-10-2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/988/2019. തിയ്യതി:29.10.2019.

# <u>കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **04**അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **03** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീശൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7-08-2019മുതൽ 19-08-2019വരെ |

## <u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ.ഗോപാല കൃഷ്ണ നായിക് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബാബു,കെ.വി | ഓഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ശകുന്തള.കെ | 01/04/2018 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | ശ്രീ.കൃഷ്ണകുമാർ. ടി.എ. | 01/04/2018 മുതൽ 23/05/2018 വര |
| | അജ്ജുദേവ്.വി (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ്) | 24/05/2018മുതൽ 27/06/2018 വരെ |
| | ശ്രീ.കൃഷ്ണകുമാർ. ടി.എ. | 28/06/2018 മുതൽ 27/03/2019 വരെ |
| | സേവ്യർ.കെ.വി (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ്) | 28/03/2019മുതൽ 31/03/2019 വരെ |

**<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>**

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | അജ്ജുദേവ്.വി | 01/04/2018-മുതൽ 09/10/2018വരെ |
| | | ബിജ്ജുകുമാർ.എം(ഹെഡ് ക്ലർക്ക് ഇൻചാർജ്ജ്) | 10/10/2018മുതൽ-23/01/2019വരെ |
| | | സേവ്യർ.കെ.വി | 24/01/2019-മുതൽ 31/03/2019വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | രമേശൻ കുറുവാട്ടിൽ | 01/04/2018-മുതൽ 31/03/2019വരെ |
| 3 | കൃഷി ഓഫീസർ | സുഷ. ബി | 01/04/2018മുതൽ-31/03/2019വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പങ്കജം.പി | 01/04/2018-മുതൽ 09/07/2018വരെ |
| | | ഇന്ദു | 10/07/2018മുതൽ-17/07/2018വരെ |
| | | സരിത പി | 18/07/2018-മുതൽ 31/03/2019വരെ |
| 5 | വി.ഇ.ഒ | രമേശൻ.എം കയ്യൂർ സർക്കിൾ | 01/04/2018-മുതൽ 31/3/2019വരെ |
| | | ഉഷ. ടി. വി. (ചീമേനി സർക്കിൾ) | 01/04/2018 മുതൽ-05/01/2019വരെ |
| | | രമേശൻ.എം ചീമേനി സർക്കിൾ (ഇൻ ചാർജ്ജ്) | 06/01/2019 മുതൽ-17/01/2019വരെ |
| | | സുരേഷ് കുമാർ. എം ചീമേനി സർക്കിൾ) | 18/01/2019-മുതൽ 31/03/2019വരെ |
| 6 | പ്രധാനാധ്യാപകൻ | ലീല. എ | 01/4/2018-മുതൽ 31/03/2019വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ: മുഹമ്മദ് റഷാദ് | 01/04/2018മുതൽ |

| | | | |
|---|---|---|---|
| | | | 31/03/2019വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ,സ്മിജ അരവിന്ദ് | 01/04/2018മുതൽ-31/3/2019വരെ |
| 9 | മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | ഡോ. സലിം. എൽ | 01/04/2018മുതൽ-31/3/2019വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ:ശ്രീജ.പി.പി | 01/04/2018-മുതൽ 28/07/2018വരെ |
| | | ഡോ: ഷോണ.എസ്.ആർ | 29/07/2018മുതൽ-01/10/2018വരെ |
| | | ഡോ.മുജീബ് റഹ്മാൻ.സി.എച്ച് | 01/10/2018-മുതൽ 31/03/2019വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | വേണുഗോപാലൻ .പി | 01/04/2018 മുതൽ-31/03/2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-12 |
| 13 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വിവിധ അപാകതകൾ. | 1-13 |
| 14 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-14 |
| 15 | വയോജനങ്ങൾക്ക് പകൽ വീട് - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം. | 1-15 |

| | | |
|---|---|---|
| 16 | ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റും അനുബന്ധ ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം. | 1-16 |
| 17 | റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-17 |
| 18 | വീടിന്റെ മേൽക്കൂരമാറ്റൽ പട്ടികജാതി -അർഹതയില്ലാത്ത ഗുണഭോക്താവിന് തുക അനുവദിച്ചു | 1-18 |
| 19 | ഗ്രാമ പഞ്ചായത്ത് ആംബുലൻസ് നടത്തിപ്പ്- അപാകതകൾ | 1-19 |
| 20 | കയ്യൂർ പി.എച്ച്.സിയിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങിയത് -ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-20 |
| 21 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-21 |
| 22 | അഗതി രഹിത കേരളം ഭവന പദ്ധതി -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-22 |
| 23 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ | 1-23 |
| 24 | കാർഷിക മേഖല ആനുകൂല്യ വിതരണം -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 1-24 |
| 25 | പദ്ധതി മോണിറ്ററിങ്ങ് - ഫലപ്രദമാക്കേണ്ടതാണ്. | 1-25 |
| | **ഭാഗം II**<br>**വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 26 | ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ തുക കുറവായി ഈടാക്കി. | 2-1 |
| | **ഭാഗം III**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല. | |
| | **ഭാഗം IV**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം** | |
| 27 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

**<u>അനുബന്ധപത്രികകൾ</u>**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്,

3) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,

4) ബാലൻസ് ഷീറ്റ്.

# <u>ഭാഗം -1</u>
# <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018ലെ 01നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---:|
| മുന്നിരിപ്പ് | 10772347 |
| വരവ് | 149766368 |
| ആകെ | 160538715 |
| ചെലവ് | 155404212 |
| നീക്കിയിരിപ്പ് | 5134503 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 30.4.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---:|
| മുന്നിരിപ്പ് | 8987623 |
| വരവ് | 96600347 |
| ആകെ | 105587970 |
| ചെലവ് | 87600057 |

| | |
|---|---|
| നീക്കിയിരിപ്പ് | 17987913 |

# 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*** | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 18355576 | 18355576 | 17587559 | 768017 | 95.8 |
| വികസനഫണ്ട് എസ്.സി.പി. | | 2251000 | 2251000 | 2251000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | | 769000 | 769000 | 398728 | 370272 | 51.08 |
| സംരക്ഷണഗ്രാന്റ് റോഡ് | | 10092000 | 10092000 | 8990261 | 1101739 | 89.08 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 4000000 | 4000000 | 4000000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8522000 | 8522000 | 8522000 | 0 | 100 |
| | ആകെ | 43989576 | 43989576 | 41749548 | 2240028 | 94.90 |

***നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 17587559 | 17587559 | 17587559 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 2251000 | 2251000 | 2251000 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 398728 | 398728 | 398728 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 8990261 | 8990261 | 8990261 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 4000000 | 4000000 | 4000000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8522000 | 8522000 | 8522000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് (R&P പ്രകാരം) | | | | | |
| തൊഴിലില്ലായ്മ വേതനം | | 179640 | 179640 | 179640 | 0 |
| വിവാഹ ധനസഹായം | | 90000 | 90000 | 90000 | 0 |
| സെൽകൃഷി ഉൽപാദന ബോണസ്സ് | | 100000 | 100000 | 100000 | 0 |
| ട്രഷറി തനത് ഫണ്ട്.&ജനറൽ പർപ്പസ് ഫണ്ട് | 1670089 | 9478451 | 11148540 | 5050897 | 6097643 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ട്രഷറി സംയുക്ത പദ്ധതി | 3599832 | 7034260 | 10634092 | 9158901 | 1475191 |
| കേന്ദ്രാവിഷ്കൃത പദ്ധതി<br>KGB ബാങ്ക് MGNREGA | 1396 | 683756 | 685152 | 683756 | 1396 |
| കേന്ദ്രാവിഷ്കൃത പദ്ധതി Cheemeni Co-op ബാങ്ക്-SSA | 4595 | 0 | 4595 | 0 | 4595 |
| കേന്ദ്രാവിഷ്കൃത പദ്ധതി Cheemeni Co-op ബാങ്ക് -ICDS | 985642 | 556301 | 1541943 | 988669 | 553274 |
| കേന്ദ്രാവിഷ്കൃത പദ്ധതി SBI Nileshwar Pykka | 84116 | 2983 | 87099 | 0 | 87099 |
| സംസ്ഥാനാവിഷ്കൃത പദ്ധതി ബാങ്ക്- Cheemeni Co-op ബാങ്ക് -വിമുക്തി ഫണ്ട് | 37500 | 25000 | 62500 | 34300 | 28200 |
| സംസ്ഥാനാവിഷ്കൃത പദ്ധതിCheemeni Co-op ബാങ്ക്-ശചിത്വമിഷൻ ഫണ്ട് | 3943067 | 740020 | 4683087 | 2098656 | 2584431 |
| സംസ്ഥാനാവിഷ്കൃത പദ്ധതിCheemeni Co-op ബാങ്ക്-സാക്ഷരത | 419074 | 0 | 419074 | 0 | 419074 |
| മറ്റുള്ളവ<br>Cheemeni Co-op ബാങ്ക്ബാങ്ക് | 4203324 | 7450713 | 11654037 | 8377322 | 3276715 |
| Cheemeni Co-op ബാങ്ക്ബാങ്ക് | 372 | 0 | 372 | 0 | 372 |
| കെ.ജി.ബി ബാങ്ക് ചീമേനി Cheemeni | 1226467 | 1306880 | 2533347 | 684383 | 1848964 |
| കെ.ജി.ബി ബാങ്ക് ചീമേനി Cheemeni | 2105 | 86 | 2191 | 0 | 2191 |
| എസ്.ബി.ഐ ചീമേനി | 1089276 | 13206320 | 14295596 | 13060000 | 1235596 |
| എസ്.ബി.ഐ ചീമേനി E-Payment | 15451 | 13290 | 28741 | 0 | 28741 |
| ട്രഷറി അക്കൗണ്ട് | 1761950 | 23805492 | 25567442 | 15980575 | 9586867 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 174 | 116 | 21 | 37 | 66.6 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം | 2018-19 വർഷത്തിൽ | ചെലവ് |
|---|---|---|---|---|

| നം | | 2018-19 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 8 | 941179 | 7 | 708809 | 75% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 2584295 | 8 | 1952901 | 75.5% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 103 | 52712426 | 73 | 31579413 | 59.96 |
| 4 | കൃഷി ഓഫീസർ | 6 | 4042013 | 6 | 4042013 | 100% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 36438400 | 11 | 21074048 | 57.83% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5690320 | 6 | 4673249 | 82% |
| 7 | വെറ്റനറി സർജ്ജൻ | 5 | 1321000 | 5 | 1320699 | 99.97% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 999937 | 3 | 977737 | 97.77% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 1837679 | 7 | 1783780 | 97.06% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 100% |
| 11 | പ്രധാനാധ്യാപകൻ | 12 | 2729289 | 11 | 2472602 | 90.59 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2450000 | 1 | 2450000 | 100% |
| | ആകെ | 174 | 111946538 | 137 | 73235251 | 65.41 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1396 | 683756 | 685152 | 683756 | 1396 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 40715069 | 40715069 | 40715069 | 0 |
| ആകെ | 1396 | 41398825 | 41400221 | 41398825 | 1396 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 1548 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 241 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 143969 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 534 കുടുബങ്ങളുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 179640 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 9673400 | 779 |
| വിധവാപെൻഷൻ | 15667300 | 1288 |
| വാർദ്ധക്യകാലപെൻഷൻ | 16457900 | 1411 |
| വികലാംഗപെൻഷൻ | 3381500 | 274 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1198400 | 100 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-08-2019തീയതിയിൽ 12.15 pm. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 4,286 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

2018-2019 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തികയൊന്നും 10.10.2018 മുതൽ 23.01.2019 വരെ ഒഴിഞ്ഞുകിടന്നിരുന്നു.

07.09.2015 ലെ ഉത്തരവ് നം എ2/27/2015/എസ്.സി.2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. നാല് വർഷം മുൻപ് തയ്യാറാക്കിയ ഓഫീസ് ഉത്തരവിൽ സമഗ്രമായ അഴിച്ചു പണികൾ നടത്തി പുതിയ ജോലി വിഭജനം നടത്തണം.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. ചില സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 17 തവണ ചേർന്നിട്ടുണ്ട്. 19.11.2018, 05.12.2018, 01.01.2019എന്നീ തീയതികളിൽ കൂടിയ യോഗത്തിലെടുത്ത തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 32 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/06/2019-11/06/2019 | 01/01/2019 മുതൽ | 11/06/2019 |

| | | | |
|---|---|---|---|
| | | 31/05/2019 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/02/2018-26/02/2018 | 2012-13മുതൽ 2016-17വരെ | 18/4/2018 |

# 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 13,58,614/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 15,93,058/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 1,31,224/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 17,24,282/-രൂപയാണ്. പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് നികുതിയിനത്തിൽ തൻവർഷത്തെ ഡിമാന്റിനേക്കാൾ കൂടുതൽ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിലെ തൻവർഷത്തെ ഡിമാന്റ് ശരിയല്ല.

2. മേൽ വിവരിച്ച പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് (ഷെഡ്യൂൾ I-1പ്രകാരം) 13,58,614/- രൂപയാണ്. പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് (ഷെഡ്യൂൾ RP-43, 31.03.2018 ലെ ഷെഡ്യൂൾ B-9 എന്നിവ പ്രകാരം) 17,24,282/- രൂപയാണ്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തുകയൊന്നും പിരിഞ്ഞുകിട്ടാനില്ല. ഇത് പൊരുത്തപ്പെടുന്നില്ല.

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 13,63,687/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 9,68,832/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 13,119/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 9,81,951/- രൂപയാണ്. ഇതിൻ പ്രകാരം 3,81,736/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തുകയൊന്നും പിരിഞ്ഞുകിട്ടാനില്ല. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

4. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ തുകയൊന്നും പിരിഞ്ഞുകിട്ടാനില്ല. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷം 9,731/- രൂപ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിലെ തൻവർഷത്തെ പിരിവിന് കൃത്യതയില്ല.

5. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ തുകയൊന്നും പിരിഞ്ഞുകിട്ടാനില്ല. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷത്തെ പിരിവ് 8,169/- രൂപ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിലെ തൻവർഷത്തെ പിരിവിന് കൃത്യതയില്ല.

6. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 4,04,150/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷൺഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തെ പിരിവ് 2,70,860/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ മുൻകൂറായി 1,39,575/-രൂപയും പിരിവുണ്ട്. അതായത് പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 4,10,435/-രൂപയാണ്. പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റിനേക്കാൾ കൂടുതൽ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പ്രൊഫഷൺ ടാക്സ്- ഇൻസ്റ്റിറ്റ്യൂഷൻസ്/ പ്രൊഫഷണൽസ്/ട്രേഡേഴ്സ് ഇനത്തിലെ തൻവർഷത്തെ ഡിമാന്റ് ശരിയല്ല.

7. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-4(b)) പ്രകാരം ലൈസൻസ് ഫീസ് ഫോർ ഡേഞ്ചറസ്&ഒഫൻസീവ് ട്രേഡേഴ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 1,77,550/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷത്തെ പിരിവ് 1,31,000/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ മുൻകൂറായി 49,275/-രൂപയും പിരിവുണ്ട്. അതായത് ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 1,80,275/-രൂപയാണ്. ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റിനേക്കാൾ കൂടുതൽ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലൈസൻസ് ഫീസ് ഫോർ ഡേഞ്ചറസ് & ഒഫൻസീവ് ട്രേഡേഴ്സ് ഇനത്തിലെ തൻവർഷത്തെ ഡിമാന്റ് ശരിയല്ല.

8. 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-4 ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസ്) പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| കോഡ് | ഇനം | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|

| | | |
|---|---|---|
| 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 9,16,577/- |
| 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 17,189/- |
| 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 91,847/- |
| 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 4,49,578/- |
| | ആകെ | 14,75,191/- |

എന്നാൽ RP 40(b)/ B-17 പത്രിക പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള അക്കൗണ്ടിൽ 13,58,002/-രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ ആശ്രയ അഗതിരഹിത കേരളം പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക സംയുക്ത പ്രൊജക്ടുകൾക്കായുള്ള അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതിനുപകരം ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ (ജനറൽ പർപ്പസ് ഫണ്ട്) നിക്ഷേപിച്ചതിൽ 1,00,000/- രൂപയും നീക്കിയിരിപ്പുണ്ട്. അതായത് വാർഷിക ധനകാര്യ പത്രികയിലെ RP 40(b)/ B-17 എന്നിവ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള അക്കൗണ്ടിൽ ആകെ 14,58,002/-രൂപയാണ് നീക്കിയിരിപ്പായുള്ളത്. ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-4 ഗ്രാന്റ്സ് & കോണ്ട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസ്) പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയും RP 40(b)/ B-17 എന്നിവ പ്രകാരമുള്ള തുകയും തമ്മിൽ 17,189/- രൂപയുടെ വ്യത്യാസമുണ്ട്.

9. വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ I-6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവ് 4,07,15,069/- രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം തൻവർഷത്തെ ചെലവ് 4,07,14,607/- രൂപയാണ് (വേതനം 3,97,72,893/-രൂപ, സാധനങ്ങൾ 2,57,958/- രൂപ, ഭരണ ചെലവ് 6,83,756/- രൂപ). വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവും എഫ്.ടി.ഒ പ്രകാരമുള്ള ചെലവും തമ്മിൽ 462/-രൂപയുടെ വ്യത്യാസമുണ്ട്.

10. ചീമേനി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലുള്ള സാക്ഷരതയുടെ അക്കൗണ്ടിൽ ( നമ്പർ 721) 2018-19 സാമ്പത്തികവർഷാരംഭത്തിൽ 4,19,074/- രൂപ മുന്നിരിപ്പായുണ്ട്. തൻവർഷം ഈ അക്കൗണ്ടിൽ വരവൊന്നുമില്ല. വർഷാന്ത്യത്തിൽ 4,19,074/- രൂപ നീക്കിയിരിപ്പായുണ്ട്. ഈ സേവിംഗ് ബാങ്ക് അക്കൗണ്ടിലെ നിക്ഷേപത്തിന് പലിശയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

11. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

# 1-12 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം

വിലയായ് 29,028/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വിവിധ അപാകതകൾ.

**2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.**

**1).ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ **31.10.2017** ലെ ജി.ഒ.(പി) നം.**80/2017**/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ **674/2017** പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം **1996** ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം **10** ലെ പട്ടിക-**2** ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിരുന്നു. **31.10.2017** ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഇത് കാരണം **2018-19** സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. **2018-19** വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം ഫീസ് ഈടാക്കുമ്പോൾ തന്നെ **2,000** രൂപ കുറവ് വന്നിട്ടുണ്ട്.

# 1-14 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ/ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 413 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാ-

| ലൈസൻസ് നം | അപേക്ഷ പ്രകാരം സ്ഥാപനത്തിലെആകെ ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|
| | | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഓരോ |

| | | |
|---|---|---|
| 398/2018-19 | 5ജീവനക്കാർ | [illegible] സ്ഥാപനത്തിലെയും ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. |
| 370/2018-19 | 5ജീവനക്കാർ | |
| 389/2018-19 | 10 ജീവനക്കാർ | |
| 289/2018-19 | 6 ജീവനക്കാർ | |
| 389/2018-19 | 5 ജീവനക്കാർ | |
| 90/2018-19 | 32 ജീവനക്കാർ | ഈ സ്ഥാപനത്തിന് ലഭിച്ച DEPARTMENT OF FACTORIES AND BOILERS-ന്റെ ലൈസൻസ് പ്രകാരം 32 ജീവനക്കാർ ഇവിടെ ജോലിയെടുക്കുന്നുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 18 ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 413 സ്ഥാപനങ്ങളിൽ 3 എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 410 സ്ഥാപനങ്ങളിലായി 810 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 7,38,000/-രൂപ (820x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്, അപേക്ഷകളിൽ രേഖപ്പെടുത്തിയ മുഴുവൻ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വയോജനങ്ങൾക്ക് പകൽ വീട് - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ചീമേനിയിൽ ഒരു വയോജന വിശ്രമകേന്ദ്രം 9,44,241/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്ട് നം.144/19-ചീമേനിയിൽ വയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണം).

ഇതുകൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ വയോജന വിശ്രമകേന്ദ്രത്തിനായി 2,45,332/- രൂപയുടെ ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട് (പ്രൊജക്ട് നം.102/19).

ഓഡിറ്റ് ടീം 19.08.2019 ന് കെട്ടിടം സന്ദർശിക്കുകയുണ്ടായി. കെട്ടിടത്തിനാവശ്യമായ വയറിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല.

13.02.2019 ന് പകൽ വീടിന്റെ ഉദ്ഘാടനം നടത്തിട്ടുണ്ടെങ്കിലും ഇവിടെ വയോജന വിശ്രമകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പകൽ വീടിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റും അനുബന്ധ ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ മുഴക്കോം എന്ന സ്ഥലത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിക്കുന്നതിനായി 8,39,508/- രൂപ ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്ട് നം.148/19- ഖരമാലിന്യ സംസ്കരണ കേന്ദ്രവും പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിക്കലും). ഈ പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

| ഇനം | അടങ്കൽ |
|---|---|
| കെട്ടിടം നിർമ്മാണം | ₹ 8,94,298/- |
| ഷ്രെഡ്ഡിങ്ങ് മെഷിൻ | ₹ 9,82,943/- |
| കുഴൽ കിണർ | ₹ 78,000/- |
| വൈദ്യുതീകരണം | ₹ 44,000/- |

ഓഡിറ്റ് ടീം 19.08.2019 ന് കെട്ടിടം സന്ദർശിക്കുകയുണ്ടായി.ഖരമാലിന്യ സംസ്കരണത്തിനായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടില്ല, കൂടാതെ കെട്ടിടത്തിന് വൈദ്യുതി, കുടിവെള്ള സൗകര്യം എന്നിവയും ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗിനാവശ്യമായ ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പദ്ധതി യാഥാർത്ഥ്യ മാക്കാനാവശ്യമായ തുടർ പ്രവർത്തനങ്ങൾ അടിയന്തിരപ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഖരമാലിന്യ സംസ്കരണത്തിനായി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയാകുവാൻ സാധ്യതയുണ്ട് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-17 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ

( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-18 വീടിന്റെ മേൽക്കൂരമാറ്റൽ പട്ടികജാതി -അർഹതയില്ലാത്ത ഗുണഭോക്താവിന് തുക അനുവദിച്ചു.

നിർവ്വഹണം- വി.ഇ.ഒ,

പ്രൊജക്ട് നം 95/2019- വീടിന്റെ മേൽക്കൂരമാറ്റൽ പട്ടികജാതി

ചെലവ് തുക

| ബില്ല് നം | തുക |
|---|---|
| 3/5.12.2018 | 2,50,000 |
| 5/15.12.2018 | 50,000 |
| 6/8.2.2019 | 1,50,000 |
| 7/20.2.2019 | 50.000 |

വീടിന്റെ മേൽക്കൂരമാറ്റൽ-പട്ടികജാതി എന്ന ഈ പ്രൊജക്ടിന്റെ ഭാഗമായി 8 ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. മൂന്ന് ലക്ഷത്തിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവരും, വീട് നിർമ്മിച്ച് എട്ട് വർഷം കഴിഞ്ഞവരുമായ പട്ടികജാതി ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത്, എന്നാൽ 2018-19 വർഷം ഗുണഭോക്താവായി തെരെഞ്ഞെടുത്ത ജാനകി.സി, w/o ഗോപാലൻ, ചെമ്മിടൻ വീട്, തിമിരി എന്നവർ വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരം 2018-നാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത് (കെട്ടിട നം- XV-26A). വീട് നിർമ്മാണം പൂർത്തിയാക്കി 2018-19 വർഷം നമ്പറിംഗ് ലഭിച്ച ഈ വീടിനാണ് മേൽക്കൂരമാറ്റാൻ തുക അനുവദിച്ചതായി കാണുന്നത്. 50,000 രൂപയാണ്(ബില്ല് നം 6/8.2.2019 -ലെ ചെലവ്) ഓഡിറ്റ് വർഷം ഇവർ കൈപ്പറ്റിയത് (രണ്ടാം ഗഡുവായ 50,000 രൂപ 24.6.2019-നാണ് കൈപ്പറ്റിയിട്ടുള്ളത്). ഈ ഗുണഭോക്താവിന് വീടിന്റെ മേൽക്കൂരമാറ്റാൻ തുക അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. പദ്ധതി നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി- 4/19.08.2019). കൂടാതെ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്.

# 1-19 ഗ്രാമ പഞ്ചായത്ത് ആംബുലൻസ് നടത്തിപ്പ്-

# അപാകതകൾ

എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ)നം.383/2014/സാ.നീ.വ, തീയ്യതി 29.05.2014 പ്രകാരം അനുവദിച്ച ആംബുലൻസ്, 18.06.2015-ലെ ഇ.സി./2/28093/2014 ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാകലക്ടർ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയുണ്ടായി . KL. 60 J 3266 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത വാഹനത്തിന്റെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കേണ്ടതാണെന്ന് മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 15.07.2015-ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ആംബുലൻസ് ഡ്രൈവറുടെ ദിവസവേതനം, നടത്തിപ്പ് ചെലവ് എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്നും, നടത്തിപ്പിനും പരിപാലനത്തിനുമായി ആംബുലൻസുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.(ഖണ്ഡിക 3.12, 3.25) . ഇതേ തുടർന്ന് 29.07.2015-ലെ ഭരണസമിതി തീരുമാനം 98/15 പ്രകാരം ആംബുലൻസ് കൈമാറാൻ തീരുമാനിച്ചിരുന്നു. ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി .

1) ആംബുലൻസിന്റെ നടത്തിപ്പ് ചുമതല ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറിയിട്ടില്ല .

2) ആംബുലൻസിന്റെ ഡ്രൈവറുടെ വേതനം, ഇന്ധനം, അറ്റകുറ്റപ്പണി, എന്നിവയ്ക്കായി ഓഡിറ്റ് വർഷം വിവിധഫണ്ടുകളിൽ നിന്നുമായി 7.16 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് വിയോഗിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിലുൾപ്പെടാത്ത രോഗികൾക്ക് സേവനം നല്കുന്നതിന് ഒരു വശത്തേക്കുള്ള വാടക ഒരു KM-ന് 25 രൂപ നിരക്കിൽ ഈടാക്കിവരുന്നുണ്ടെങ്കിലും 2018-19 വർഷം ഈയിനത്തിൽ തുക ഈടാക്കിയതിന്റെയും ഈടാക്കിയ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (തൻ വർഷം ഈയിനത്തിൽ ഈടാക്കിയ 2.19 ലക്ഷം രൂപ എച്ച്.എം.സി ഫണ്ടിൽ അടവാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് അറിയിക്കുകയുണ്ടായി). വാടക ഈടാക്കുന്നതിനായി പ്രത്യേകം രസീതി പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും 21.7.2018 മുതൽ 2.3.2019 വരെ തുക ഈടാക്കിയ രസീതി പുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതുപോലെ വാടക വരവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഡി.സി.ബി രജിസ്റ്ററും സൂക്ഷിക്കുന്നില്ല. ആംബുലൻസ് നടത്തിപ്പ് ചെലവ് ഗ്രാമ പഞ്ചായത്ത് വഹിക്കുന്ന സാഹചര്യത്തിൽ മുഴുവൻ വാടകവരവ് തുകയും എത്രയും വേഗം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3) വാഹനത്തിന്റെ ലോഗ് ബുക്ക് കസ്റ്റോഡിയൻ ഓഫീസർ കൃത്യമായി നിരീക്ഷിക്കാത്തതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. 12.11.2018 ന് ശേഷം ലോഗ് ബുക്ക് കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. അതുപോലെ ഒരേ സ്ഥലത്തേയ്ക്ക് വിവിധ ദിവസങ്ങളിൽ നടത്തിയ യാത്രാ ദൂരം വ്യത്യസ്തമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുകയുണ്ടായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയതി | യാത്രാ വിവരം | ദൂരം -കി.മി |
|---|---|---|---|
| 1 | 01.4.2018 | നീലേശ്വരം പ്രിൻസ് ഓട്ടോ മൊബൈൽസിൽ പോയി തിരികെ വന്നത് | 73 |
| 2 | 13.6.2018 | നീലേശ്വരം പ്രിൻസ് ഓട്ടോ മൊബൈൽസിൽ നിന്നും തിരികെ | 16 |

| | | | |
|---|---|---|---|
| | | വന്നത് | |
| 3 | 11.10.2018 | അറ്റകുറ്റപ്പണിക്കായി നീലേശ്വരം പ്രിൻസ് ഓട്ടോ മൊബൈൽസിൽ പോയത് | 47 |
| 4 | 13.10.2018 | എഞ്ചിൻ വർക്കിനുശേഷം ട്രയൽ നടത്തിയത് | 65 |
| 5 | 15.10.2018 | നീലേശ്വരം പ്രിൻസ് ഓട്ടോ മൊബൈൽസിൽ നിന്നും തിരികെ വന്നത് | 47 |
| 6 | 30.7.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 63 |
| 7 | 20.5.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 52 |
| 8 | 2.8.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 40 |
| 9 | 7. 12.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 31 |
| 10 | 12.12.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 44 |
| 11 | 27.12.2018 | ഡീസൽ നിറയ്ക്കുവാൻ നീലേശ്വരം പോയി വന്നത് | 46 |

ഒരേ ആവശ്യത്തിനായി വിവിധ ദിവസങ്ങളിൽ നടത്തിയ യാത്രയ്ക്ക് സഞ്ചരിച്ച ചെയ്ത ദൂരം രേഖപ്പെടുത്തിയതിൽ ഗുരുതരമായ പൊരുത്തക്കേട് സംഭവിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം.4 പ്രകാരം എഞ്ചിൻ വർക്കിന് ശേഷം ട്രയൽ നടത്തുന്നതിന് 65 കിലോമീറ്റർ സഞ്ചരിച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതിന്റെ സാധുത പരിശോധിക്കപ്പെടേണ്ടതാണ്. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് കൃത്യമായി പരിശോധിക്കുകയോ യാത്രാ ദൂരം രേഖപ്പെടുത്തിയതിൽ കാണപ്പെട്ട പൊരുത്തക്കേടുകൾക്ക് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം തേടുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ അപാകതയുണ്ടാകുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

4) ആംബുലൻസിന്റെ ഇന്ധനച്ചെലവിനത്തിൽ 2018-19 വർഷം 3,57,450 രൂപ വിനിയോഗിച്ചിട്ടുണ്ട്. നീലേശ്വർ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഇന്ധനം നിറയ്ക്കുന്നത് . പ്രസ്തുത തുക സ്ഥാപനത്തിന് നല്കുമ്പോൾ സാംഖ്യ ബില്ലിൽ സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പരിനൊടോപ്പം സുഹൈൽ.ഇ.എം.കെ എന്നയാളുടെ പേരാണ് രേഖപ്പെടുത്തിക്കാണുന്നത്. ഇക്കാര്യം സൂചിപ്പിച്ചപ്പോൾ സ്ഥാപനത്തിന്റെ പേര് സാംഖ്യയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ലയെന്നാണ് അധികൃതർ മറുപടി നല്കിയത്. ഇക്കാര്യം പരിശോധിച്ച് ഇന്ധനയിനത്തിൽ നല്കിയ മുഴുവൻ തുകയും നീലേശ്വർ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവ് വന്നത് സാധൂകരിക്കുന്ന ഔദ്യോഗിക രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) ആറുമാസത്തിൽ ഒരിക്കൽ ഇന്ധനക്ഷമതാ പരിശോധന നടത്തണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 2018-19 വർഷം 23.2.2019 നാണ് ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടുള്ളത്. ഇതു പ്രകാരം 11 കിലോമീറ്റർ മൈലേജാണ് വാഹനത്തിനുള്ളത്.ലോഗ് ബുക്ക് പ്രകാരം 2018-19 വർഷം ആകെ 41500 കിലോമീറ്റർ ദൂരം വാഹനം സഞ്ചരിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം 4785 ലിറ്റർ ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാഹനത്തിന്റെ മൈലേജ് 8.67 കിലോമീറ്ററാണ്. ഇത് ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൈലേജുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതും വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതുമാണ്.

6) ആംബുലൻസിന്റെ നാലു ടയറുകൾ, ബാറ്ററി എന്നിവ മാറ്റുന്നതിന് 33000 രൂപ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ ആവശ്യകതാ സാക്ഷ്യപത്രം , ക്വട്ടേഷൻ വിളിച്ചതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ ആംബുലൻസിന്റെ ഇന്ധനം, ടയർ, ബാറ്ററി എന്നിവയ്ക്കായി ചുവടെ ചേർത്തപ്രകാരം വിനിയോഗിച്ച 3,90,450 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ബിൽ നം/ചെക്ക് നം | തുക | ഇനം |
|---|---|---|---|
| 1 | 14/18.8.2018 | 68,363 | ഇന്ധനം -04/18, 5/18, 6/18 |
| 2 | 30/17.12.2018 | 1,45,057 | ഇന്ധനം 07/18,08/18,09/18,10/18 |
| 3 | 33/28.12.2018 | 26,760 | ഇന്ധനം 11/18 |
| 4 | Ch.No.0011864/08.02.2019 | 67,349 | ഇന്ധനം 12/18, 01/19 |
| 5 | Ch.No.0011892/27.03.2019 | 49,921 | ഇന്ധനം 02/19, 03/19 |
| 6 | 15/18.8.2018 | 13,400 | വാഹനത്തിന് ടയർ വാങ്ങിയത് |
| 7 | 19/17.9.2018 | 19,600 | വാഹനത്തിന് ടയർ, ബാറ്ററി എന്നിവ വാങ്ങിയത് |
| | ആകെ | 3,90,450/- | |

ആംബുലൻസിന്റെ നടത്തിപ്പ് ചെലവ് ഇനത്തിൽ ഓരോ വർഷവും ഭീമമായ ചെലവ് ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ട സാഹചര്യമാണുള്ളത് . വാഹനത്തിന്റെ നടത്തിപ്പും പരിപാലനവും ആശുപത്രി മാനേജിങ്ങ് കമ്മിറ്റിക്ക് കൈമാറുവാൻ ഭരണ സമിതി തീരുമാനിച്ചുവെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകയിനത്തിൽ വരവ് ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയാലും വാഹനത്തിന്റെ നടത്തിപ്പ് ചെലവ് വഹിക്കുന്നത് ഗ്രാമ പഞ്ചായത്തിന് ഭീമമായ ബാധ്യത സൃഷ്ടിക്കുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ പ്രത്യേക പദ്ധതികൾ ജില്ലാ ഭരണകൂടം മുഖേന നിർവ്വഹിച്ച് വരുന്നതിനാൽ , പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലഭിച്ച വാഹനത്തിന്റെ നടത്തിപ്പിനാവശ്യമായ ഫണ്ട് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ലഭ്യമാകുമോ എന്നകാര്യം പരിശോധിച്ച് ഇതിനാവശ്യമായ തുടർ നടപടികൾ ഭരണ സമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

# 1-20 കയ്യൂർ പി.എച്ച്.സിയിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങിയത് -ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി കയ്യൂർ നടപ്പിലാക്കിയ പ്രൊ.നം 91/2019 പ്രകാരം പി.എച്ച്.സിയിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിനും ഓഫീസ് നവീകരിക്കുന്നതിനുമായി സംരക്ഷണ ഗ്രാന്റിൽ നിന്നും (നോൺ റോഡ്) 1,40,400 രൂപ (ട്രഷറി ബിൽ .നം.23/17.10.2018& 27/ 09.1.2018) ) ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ.നം | ഇനം | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | വിവിധയിനം ഓഫീസ് ടേബിൾ-10 എണ്ണം , ഓഫീസ് ചെയർ-6 എണ്ണം | 85,500/- | നീലഗിരി എന്റർപ്രൈസസ് ചെറുവത്തൂർ |
| 2 | ബുക്ക് ഷെൽഫ് -2എണ്ണം | 19,900/ | അലങ്കാർ ഫർണിച്ചർ ചെറുവത്തൂർ |
| 3 | ഓഫീസ് ക്യാബിൻ നിർമ്മിച്ചത് | 35,000/ | അജ്മസ് അലുമനിയം ഫാബ്രിക്കേഷൻ, കയ്യൂർ |
| | ആകെ | 1,40,400/- | |

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടിക്രമങ്ങൾ ജി.ഒ.(പി) നം.259/2010 തസ്വഭവ .തിയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകളുടെ പകർപ്പുകൾ ഒഴികെ, വാങ്ങൽ നടപടികളിൽ മേൽ സർക്കാർ ഉത്തരവ് പാലിച്ചത് സാധൂകരിക്കുന്ന യാതൊരുരേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരം 1 ലക്ഷം രൂപയിൽ അധികമുള്ള വാങ്ങൽ നടപടികൾ നിർബന്ധമായും ഓപ്പൺ ടെണ്ടർ മുഖേനയായിരിക്കണം . എന്നാൽ ടെണ്ടർ നടപടികളോ ക്വട്ടേഷൻ നടപടികളോ സ്വീകരിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ടിൽ വാങ്ങൽ നടപടിക്ക് ഏതു രീതി സ്വീകരിക്കണം എന്നഭാഗം പൂരിപ്പിച്ചിട്ടില്ല. കൂടാതെ മേൽ പ്രകാരം നടത്തിയ വാങ്ങൽ നടപടികൾക്ക് ഗ്രാമ പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല. വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതിയ്ക്കായി നടത്തിയ 1,40,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നം.05.08.2019)

# 1-21 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി കയ്യൂർ 2018-19 വർഷം നടപ്പിലാക്കിയ പ്രൊ.നം.84/19 (₹1,60,000/-) , പ്രൊ.നം 86/19 (₹ 1,99,996) എന്നിവ പ്രകാരം മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും ഈ

നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലയെന്ന സാക്ഷ്യപത്രത്തിന്റെയും പി.എച്ച്.സി ഫാർമസിസ്റ്റിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. . കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 അഗതി രഹിത കേരളം ഭവന പദ്ധതി -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.28/19

ബിൽ നം.18/17-18/20.03.2019 – 4,00,000/-

അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി ശ്രീമതി.ലക്ഷ്മി.എം.നാലുകുന്ന് എന്ന ഗുണഭോക്താവിന് വീട് നിർമ്മിക്കുന്നതിനായി 4,00,000 ലക്ഷം രൂപ കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ തുക കൈമാറി നാലു മാസം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 19.08.2019 ന് നൽകിയ മറുപടിയിൽ ഭവന നിർമ്മാണത്തിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നതായും, നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മേൽ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി ഓഡിറ്റ് വർഷം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 19.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (സുലേഖ ചെലവ് പത്രിക പ്രകാരം). എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻമാരായ , ഹെഡ്മാസ്റ്റർ, വെറ്റിനറി സർജ്ജൻ, ഡയറി ഫാം ഇൻസ്ട്രക്ടർ, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി , തുടങ്ങിയവർ 12.04.2006 ലെ ജി.ഒ (പി) നം.177/2006 ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലുള്ള ക്യാഷ് ബുക്കിൽ (TR 7A) ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും അപാകത പരിഹരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി , സർക്കാർ നർദ്ദേശിച്ച മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 കാർഷിക മേഖല ആനുകൂല്യ വിതരണം -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ.

2018-19വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നേന്ത്രവാഴ കൃഷി, കിഴങ്ങ് കൃഷി, എന്നിവ പ്രകാരം 3121695 രൂപ വിവിധ ഫണ്ടുകളിൽ നിന്നുമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് വിശദാംശം | വിത്ത് (വി.ഫണ്ട്) | ജൈവവളം, കൂലിച്ചെലവ് | | | ആകെ |
|---|---|---|---|---|---|
| | | വി.ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | |
| പ്രൊ.നം.26/19 നെൽകൃഷി വികസനം | 224980 | 1631895 | 425010 | 425010 | 2706895 |
| പ്രൊ.നം.38/19 വനിത പച്ചക്കറികൃഷി വികസനം | 29500 | 140500 | | | 170000 |
| പ്രൊ.നം.35/19 നേന്ത്രവാഴ കൃഷി വികസനം | 75000 | 99000 | | | 174000 |
| പ്രൊ.നം.169/19 കിഴങ്ങ് കൃഷി വികസനം | 70800 | | | | 70800 |
| | ആകെ | | | | 3121695 |

മേൽ പദ്ധതികൾ നടപ്പിലാക്കിയ വേളയിൽ ജി.ഒ (എം.എസ്) 22/18 തസ്വഭവ തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6 & 6.1.7, ഇതോടൊന്നിച്ചുള്ള കുറിപ്പ് , എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകൾ/ക്ലെയിംസ്റ്റേറ്റ്മെന്റുകളോടൊപ്പം രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3) നെൽ കൃഷി -വിള ഇൻഷ്വറൻസ് തുക കർഷകർ മുൻകൂറായി ഒടുക്കിയതിന്റെ രേഖകൾ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

4) നെൽകൃഷി വികസന പദ്ധതിപ്രകാരം ജൈവവളം , കുമ്മായം എന്നിവ വാങ്ങിയതിന് 7,81,875 രൂപ വിവിധ പാടശേഖര സമിതികൾക്ക് കൈമാറിയിട്ടുണ്ട് . എന്നാൽ ഇതുപ്രകാരം വാങ്ങിയ വളം, കുമ്മായം എന്നിവ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . അതു പോലെ 5,902 കി.ഗ്രാം നെൽവിത്ത് വിവിധ പാടശേഖര സമിതികൾക്ക് നല്കിയിട്ടുണ്ട്. ഇവയുടെയും വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നെൽകൃഷി വികസന പദ്ധതിപ്രകാരം ജൈവവളം, നെൽവിത്ത്, കുമ്മായം എന്നിവ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 പദ്ധതി മോണിറ്ററിങ്ങ് - ഫലപ്രദമാക്കേണ്ടതാണ്.

വാർഷിക പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെടുന്നില്ല. പദ്ധതി നിർവ്വഹണത്തിനുശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സാക്ഷ്യപത്രങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ല.കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ, ഹെഡ്മാസ്റ്റർ, അസി.സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ വി.ഇ.ഒ, മെഡിക്കൽ ഓഫീസർമാർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർമാരൊന്നും തന്നെ പദ്ധതി ചെലവ് രേഖകളോടൊപ്പം മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ വിലയിരുത്തലുകൾ നടത്തുവാനും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാനും വർക്കിങ്ങ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിങ്ങ് കൂടുതൽ ഫലപ്രദമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ തുക കുറവായി ഈടാക്കി.

2018-19 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| അപേക്ഷകന്റെ | ലൈസൻസ് | അപേക്ഷ | ഈടാക്കിയ | ഈടാക്കേണ്ടി | ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പേര്/ കെട്ടിട നമ്പർ | നൽകിയതിന്റെ ഉദ്ദേശം | പ്രകാരമുള്ള വിറ്റുവരവ് | ഫീസ്/രസീത് നമ്പർ | യിരുന്ന ഫീസ് | ഫീസ് |
| SRസുമലത, W/o മുകുന്ദൻ, കയ്യൂർ | പെട്രോൾ പമ്പ് നടത്തിപ്പ് | 1,25,000രൂപ | 2000രൂപ – (50102022/ 6.8.2018) | 4000 രൂപ | 2000രൂപ |

കുറവ് വന്ന 2000രൂപ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല.

***

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 24-06-2019 മുതൽ 25-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/448/2019, തീയ്യതി.22-07-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425000 | സമഗ്ര നെൽകൃഷി വികസനം | 425000 | 0 |
| | 2018-19 | 1000000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 1000000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | |
| | 2018-19 | 200000 | ശാരീരികമാനസികവെല്ലുവിളികൾ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| | 2018-19 | 1050617 | ലൈഫ് ഭവന പദ്ധതി ജറൽ | 1050617 | 0 |
| | 2018-19 | 563698 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 516979 | 46719 |
| | 2018-19 | 66000 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 46200 | 19800 |
| | 2018-19 | 230000 | കോച്ചിറ വിസിബി റിപ്പയർ | 230000 | 0 |
| | 2018-19 | 230000 | ചെറുകര വിസിബി റിപ്പയർ | 214638 | 15362 |
| | 2017-18 | 1500000 | കള്ളപ്പാത്തി പൊതു ശ്മശാന നിർമ്മാണം | 583423 | 916577 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 425000 | സമഗ്ര നെൽകൃഷി വികസനം | 425000 | 0 |
| | 2018-19 | 950000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സീഡി | 950000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 199996 | 4 |
| | 2018-19 | 1343791 | ലൈഫ് ഭവന പദ്ധതി ജറൽ | 1343791 | 0 |
| | 2018-19 | 39063 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 0 | 39063 |
| | 2018-19 | 11111 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 0 | 11111 |
| | 2017-18 | 1000000 | കള്ളപ്പാത്തി പൊതു ശ്മശാന നിർമ്മാണം | 1000000 | 0 |
| | 2017-18 | 500000 | ചീമേനിയിൽ വയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണം | 500000 | 0 |
| | 2017-18 | 315400 | കിണർ റീചാർജിംഗ് | 16000 | 299400 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തരിമ്പ ബഡ്സ് സ്കൂളിലേക്ക് ലൈൻ വലിക്കൽ | 21800847 | 167236 | 167236 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും , തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 13160000 | 0 | 185000 | 0 | 12975000 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12376/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-13 | 12376 | ശോഭ.പി ,ഐ.സി.ഡി എസ് സൂപ്പർ വൈസർ | 118050102812 തീയ്യതി 16/10/2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1, 2.2, 2.3, 2.4 | 2016-17 | അധ്യായം 2 അനുബന്ധം -4 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2.4, 2.5 | 2016-17 | അധ്യായം 2 അനുബന്ധം- 5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| | | | | | |

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ തുക- ഇല്ല

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ തുക- ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,66,00,347/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,55,87,970/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,30,850/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 2-1 | 2,000/- | ഇല്ല | ശ്രീ.കൃഷ്ണ കുമാർ.ടി.എ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 3,90,450 | ഡോ.സ്മിജ അരവിന്ദ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-20 | 1,40,400 | ഡോ.സ്മിജ അരവിന്ദ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ആകെ | 5,30,850/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോ,ഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കൃഷ്ണ കുമാർ.ടി.എ സെക്രട്ടറി | സെക്രട്ടറി കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് | ------. |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എസ്.ഡി9-158/19(2), തി: 16.05.2019 | 4 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-3-223/13, തി: 20/03/2013 | 13 |
| 2000-01 പ്ലാൻ | കെ.എസ്.എ.കെ.എസ്.ഡി-11/643/16, തി: 19 | 6 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 5 |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 7 |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി-3-926/11, തി: 10/08/2012 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3/927/11, തി:21.03.2012 | 3 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3:46/10, തി:13.05.2011 | 9 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3:393/12, തി:02.06.2012 | 5 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി4:765/12 , തി:27.10.11/16.04.12 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി9/912//18, തി:02.08.2012 | 3 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി7/86/13, തി: 09.04.2013 | 10 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-7/428/13, തി:25/07/2013 | 9 |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി-9/238/16 തി: 09/09/2016 | 19 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി-8/344/15, തി: 10/06/2015 | 19 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി-8/600/2015 , തി: 05/11/2015 | 10 |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി-9/1337/2017 തി:01/01/2018 | 17 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി 9-538/2017 തി.05/06/17 | 17 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി 9-590/18 തി.25/06/18 | 17 |
| 2017-18 | കെ.എസ്.എ/കെ.എസ്.ഡി 9-1227/2018തി.06/6/19 | 20 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എസ്.ഡി-9/988/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
പിൻ -671123, ഫോൺ നം.04994256690

ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 29.10.2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kayyur - Cheemeni Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | No | |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8987623.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1753890.00 |
| 130000000 | Rental income from Panchayat Properties | RP-3 | 10500.00 |
| 140000000 | Fees & User Charges | RP-4 | 494329.00 |
| 150000000 | Sale & Hire Charges | RP-5 | 105927.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51707240.00 |
| 171000000 | Interest Earned | RP-9 | 170987.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10285732.00 |
| 350000000 | Other Liabilities | RP-36 | 370190.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7240.00 |
| 330000000 | Secured Loans | RP-32 | 13160000.00 |
| 340000000 | Deposits Received | RP-34 | 119683.00 |
| 350000000 | Other Liabilities | RP-36 | 139541.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 18064024.00 |
| 440000000 | Pre-paid Expenses | RP-45 | 185000.00 |
| 460000000 | Loans, Advances and Deposits | RP-47 | 26064.00 |
| | **Grand total** | | **105587970.00** |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2868014.00 |
| 220000000 | Administrative Expenses | RP-12 | 934399.00 |
| 230000000 | Operations & Maintenance | RP-13 | 1074237.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7921986.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17982781.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 820702.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 74755.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 479241.00 |
| 255000000 | Maintenance Projects | RP-20 | 11063340.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -13558.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1321899.00 |
| 350000000 | Other Liabilities | RP-36 | 4648456.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 667.00 |
| 280000000 | Prior Period Item | RP-26 | -2521.00 |
| 330000000 | Secured Loans | RP-32 | 185000.00 |
| 350000000 | Other Liabilities | RP-36 | 1788557.00 |
| 410000000 | Fixed Assets | RP-38 | 15984313.00 |
| 412000000 | Capital work in Progress | RP-40 | 5197792.00 |
| 440000000 | Pre-paid Expenses | RP-45 | 13060000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1209997.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17849612.00 |
| Cash | Cash | RP-40(b) | 138301.00 |
| | **Grand Total** | | **105587970.00** |

# അനുബന്ധം-3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kayyur - Cheemeni Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4896341.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 91740.00 |
| 140000000 | Fee & User Charges | I-4(b) | 671879.00 |
| 150000000 | Sale & Hire Charges | I-5(b) | 110352.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135467707.00 |
| 171000000 | Interest Earned | I-8 | 170987.00 |
| 180000000 | Other Income | I-9 | 214037.00 |
| | **Total Income** | | **141623043.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9265262.00 |
| 220000000 | Administrative Expenses | I-11(b) | 961796.00 |
| 230000000 | Operations & Maintenance | I-12(b) | 1076006.00 |
| 240000000 | Interest & Finance Charges | I-13 | 667.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9059824.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58696494.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 820702.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 74755.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46857741.00 |
| 255000000 | Maintenance Projects | I-14(e) | 11063340.00 |
| | | | |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 8694145.00 |
| | **Total Expenditure** | | **147570732.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-5947689.00** |
| 280000000 | Prior Period Item | I-18 | -125921.25 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5821767.75** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# <u>അനുബന്ധം-4</u> <u>ബാലൻസ് ഷീറ്റ്</u>

| Kayyur - Cheemeni Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -8285447.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 85770306.00 |
| | **Total Reserve & Surplus** | | **77484858.65** |
| | **Grants, Contributions for Specific Purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5554042.00 |
| | **Total Grants, Contributions for Specific Purposes** | | **5554042.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 12975000.00 |
| | **Total Loans** | | **12975000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 131529.00 |
| 350000000 | Other Liabilities | B-9 | 1132901.35 |
| | **Total Current Liabilities and Provisions** | | **1264430.35** |
| | TOTAL LIABILITIES | | **97278331.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 94805604.00 |
| 411000000 | Accumulated Depreciation | B-11 | -34272207.00 |
| 412000000 | Capital Work in Progress | B-11(a) | 5197792.00 |
| | **Total Fixed Assets** | | **65731189.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 12875000.00 |
| 450000000 | Cash and Bank Balance | B-17 | 17987913.00 |
| 460000000 | Loans, Advances and Deposits | B-18 | 684229.00 |
| | **Total Current Assets, Loans and Advances** | | **31547142.00** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **97278331.00** |